**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** **02-02-2026 - ൽ മറുപടിയ്ക്ക്**

**വിദ്യാതീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനുവേണ്ടി വിദ്യാതീരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് വിദ്യാതീരം. പ്രസ്തുത പദ്ധതിയിൽ പ്രീ–മെട്രിക് - പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, മെഡിക്കൽ/ഐ ഐ ടി/ എൻ ഐ ടി എൻട്രൻസ് പരിശീലനം, സിവിൽ സർവീസ് പരിശീലനം കരിയർ ഗൈഡൻസ് പ്രോഗ്രാം ദത്തെടുക്കൽ പദ്ധതി, ഫിഷറീസ് സ്കൂളുകളിൽ കായിക വികസന പദ്ധതി, ജി.ആർ.എഫ്.ടി.എച്ച്. സ്കൂളുകളിലെ കുട്ടികൾക്ക് കൗൺസിലിംഗ് സപ്പോർട്ട്, പത്ത് ജി.ആർ.എഫ്.ടി.എച്ച്. സ്കൂളുകളുടെ പ്രതിദിന നടത്തിപ്പ് ചെലവ് എന്നിവ ഉൾപ്പെടുന്നു. സാമ്പത്തിക വർഷം വിദ്യാതീരം പദ്ധതിയിൽ 16 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ പുരോഗതിക്ക് വേണ്ടി എന്തെല്ലാം സ്കോളർഷിപ്പുകളും മറ്റാനുകൂല്യങ്ങളുമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഫിഷറീസ് വകുപ്പ് വിദ്യാതീരം പദ്ധതി വഴി ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പ്രീ – മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റതവണയായി ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, ആക്ചൽ ബോർഡിംഗ് & ലോഡ്ജിംഗ് ചാർജ്ജസ് (ABLC), പോക്കറ്റ് മണി, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, പരീക്ഷ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് എന്നിവ നൽകി വരുന്നു. നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ ഐ ഐ ടി/ എൻ ഐ ടി എൻട്രൻസ് പരിശീലന പരിപാടികൾ/ സിവിൽ സർവ്വീസ് പരിശീലനം എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുക പരിശീലന സ്ഥാപനങ്ങളിലേക്ക് നൽകുന്നു. മത്സ്യത്തൊഴിലാളികളായ അച്ഛനും അമ്മയും നഷ്ടപ്പെട്ട നിരാലംബരായ വിദ്യാർത്ഥികളെ സർക്കാർ ദത്തെടുത്തു ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി വഴി ഒരു കുട്ടിക്ക് പരമാവധി 1 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വരെ വർഷം തോറും അനുവദിച്ചു വരുന്നു. ഭാവിയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളും ജോലി സാധ്യതകളും കണ്ടെത്തുന്നതിനുള്ള തീരദേശ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു Career guidance programme എല്ലാ വർഷവും നൽകി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു. പ്രതിഭാതീരം പദ്ധതി വഴി തീരദേശത്തെ 75 ലൈബ്രറികൾ തെരഞ്ഞെടുത്ത് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ എട്ടാം ക്ലാസ്സ് മുതൽ കുട്ടികൾക്ക് താമസിച്ച് പഠിക്കാനാകുന്ന തരത്തിൽ 9 തീരദേശ ജില്ലകളിലായി 10 എണ്ണം ജി ആർ എഫ് ടി എച്ച് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. അവിടെ സൗജന്യ താമസം, ഭക്ഷണം, ലാബ് ലൈബ്രറി, ജിംനേഷ്യം, പഠനയാത്രകൾ, ബുക്ക്, യൂണിഫോം എന്നിവ സൗജന്യമായി നൽകുന്നു. |
| (സി) | സംഘടിത തൊഴിൽ മേഖലയിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ യുവജനങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ചതും വിവിധ മത്സര പരീക്ഷകൾക്ക് വേണ്ടിയുള്ളതുമായ പരിശീലന പരിപാടികളുടെ പുരോഗതി വിശദീകരിക്കുമോ; | (സി) | മത്സ്യത്തൊഴിലാളി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കായി ഫിഷറീസ് വകുപ്പും കേരള നോളജ് ഇക്കണോമി മിഷൻ ( കെ. കെ. ഇ. എം)ഉം ആയി ചേർന്ന് ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതിയാണ് തൊഴിൽതീരം. പദ്ധതി 9 ജില്ലകളിലെ 46 നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കി വരുന്നു. പരിശീലന പരിപാടിയുടെ ഭാഗമായി ഫോട്ടോഗ്രാഫി & വീഡിയോഗ്രാഫി കോഴ്സിലൂടെ 33 ഉദ്യോഗാർത്ഥികളെയും മൊബൈൽഫോൺ റിപ്പയറിങ് & സർവീസ് കോഴ്സിലൂടെ 40 ഉദ്യോഗാർത്ഥികളെയും സി. സി. റ്റി. വി റിപ്പയറിങ് & സർവീസ് കോഴ്സിലൂടെ 62 ഉദ്യോഗാർത്ഥികളെയും ബ്യൂട്ടി പാർലർ മാനേജ്മെന്റ് കോഴ്സിലൂടെ 68 ഉദ്യോഗാർത്ഥികളെയും പരിശീലിപ്പിക്കാൻ കഴിഞ്ഞു. Career Catalyst Program എന്ന പേരിൽ ആരംഭിച്ച പരിശീലന പരിപാടിയിൽ സ്കിൽ ഗ്യാപ് അനാലിസിസ്, DWMS ഓറിയന്റേഷൻ, നൈപുണ്യ പരിശീലന കോഴ്സ് പരിചയപ്പെടുത്തൽ, മോക്ക് ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസ്കഷൻ, കരിയർ ഗൈഡൻസ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിൽ 41843 പേർ DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിശീലന പരിപാടികൾക്ക് ശേഷം പ്രാദേശിക തലത്തിലും ദേശീയ തലത്തിലും തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>തീരദേശത്തു നിന്നും പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനാണ് |

| | | | |
|---|---|---|---|
| | | | വിദ്യാതീരം പദ്ധതി ആരംഭിച്ചത്. പദ്ധതിയിലൂടെ 12-ാം തരം മികച്ച മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളികളുടെ മക്കളെ തെരഞ്ഞെടുത്ത് കേരളത്തിലെ മികച്ച മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് സെന്ററുകളിൽ താമസിപ്പിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലനം നൽകി വരുന്നു. നിലവിൽ 130 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന തരത്തിൽ ആണ് പദ്ധതി നടപ്പാക്കുന്നത്. മെഡിക്കൽ പ്രവേശനത്തിന് 1.25 ലക്ഷം രൂപയും NIT/IIT പ്രവേശനത്തിന് 70000/-രൂപയുമാണ് വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്നത്. തെരഞ്ഞെടുക്കപ്പെട്ട 12 വിദ്യാർത്ഥികൾക്കായി കേരള സിവിൽ സർവിസ് അക്കാദമി മുഖേന സിവിൽ സർവീസ് കോച്ചിംഗ് പരിപാടിയും നടന്നു വരുന്നു. 80,000/- രൂപയാണ് ആനുകൂല്യം നൽകുന്നത്. |
| (ഡി) | ആധുനികകാലത്ത് ഏറ്റവും മികച്ച തൊഴിൽ സാധ്യതയുള്ള പൈലറ്റ് ട്രെയിനിങ്, പ്രമുഖ സർവകലാശാലകളിലെ ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അവസരം ലഭിക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് 75 കോടി രൂപ പ്ലാൻ, നോൺപ്ലാൻ, അധിക ധനാനുമതി മുഖേന നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതു ഉപയോഗിച്ച് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, എ. ബി.എൽ.സി, പോക്കറ്റ് മണി, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷ ഫീസ്, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് എന്നിവ വിദ്യാർത്ഥികൾക്ക് അനുവദിച്ചു. കേന്ദ്ര സർവകലാശാലകൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകാരമുള്ള സർവകലാശാലകളിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ദേശീയതലത്തിലുള്ള പരീക്ഷകളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കും മേൽ ആനുകൂല്യങ്ങൾ നൽകി വരുന്നു. വിദേശ പഠനത്തിനായി 3 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജോലി ഉറപ്പാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിച്ചു മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളെ സാമ്പത്തികമായും സാമൂഹ്യമായും മുൻനിരയിൽ എത്തിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. നടപ്പ് വർഷം 8 മാസം ദൈർഘ്യമുള്ള ഓട്ടോമൊബൈൽ ടെക്നീഷ്യൻ കോഴ്സ് അസാപ് വഴി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കേരള സമുദ്ര പഠന സർവകലാശാല, CUSAT, CIFTNET എന്നീ സ്ഥാപനങ്ങളിലും മത്സ്യതൊഴിലാളി വിദ്യാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത് കൂടാതെ ഫിഷറീസ് വകുപ്പ് വഴി വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ